"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

വനം-വന്യജീവി വകുപ്പ്-വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനത്തിലിരിക്കെ അന്തരിച്ച ശ്രീ. സുജിത്ത് ജെ ജി യുടെ വിധവയായ ശ്രീമതി മീരാ രാജിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വകുപ്പിൽ ക്ലർക്കായി നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനംവന്യജീവി(എഫ്) വകുപ്പ്

G.O.(Ms) No.7/2020/F&WLD തീയതി,തിരുവനന്തപുരം, 29/04/2020

---

പരാമർശം:- 1 സ.ഉ.(പി) നം.12/99/പി&എ.ആർ.ഡി തീയതി 24/05/1999.

2 സ.ഉ.(കൈ) നം.5/2018/പി&എ.ആർ.ഡി തീയതി 24/02/2018.

3 ശ്രീമതി മീരാരാജ് ജി. ആർ, അനിതാ നിലയം, KNRA217, TC30/727,പേട്ട പി.ഒ., തിരുവനന്തപുരം, 25.09.2018 ൽ സമർപ്പിച്ച അപേക്ഷയും, അനുബന്ധ രേഖകളും.

4 ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 15.12.2018, 21.05.2019 തീയതികളിലെ ഇ6-55526/18 നം. കത്തും അനുബന്ധരേഖകളും.

5 തിരുവനന്തപുരം ജില്ലാ കളക്ടറുടെ 07.03.2019, 21.11.2019 തീയതികളിലെ DC TVM/111/19-S6 നം. കത്തും, അനുബന്ദ രേഖകളും.

<u>ഉത്തരവ്</u>

വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായിരിക്കേ 30.11.2016 ൽ അന്തരിച്ച ശ്രീ. സുജിത്ത്.ജെ.ജിയുടെ വിധവയായ ശ്രീമതി. ജി ആർ മീരാ രാജിന് സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ പരാമർശം (3) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (4) പ്രകാരം ഭരണവിഭാഗം ഉപമുഖ്യവനപാലകൻ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം പരാമർശം (5) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരേതന്റെ മറ്റ് അനന്തരവകാശികൾ അപേക്ഷയ്ക്ക് ജോലി നൽകുന്നതിന് സമ്മതപത്രം നൽകിയിട്ടില്ല. എന്നാൽ 24/05/1999- ലെ ജി.ഒ. (പി.) നം. 12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവിലെ വ്യവസ്ഥ 14 (c)പ്രകാരം വിധവ/വിഭാര്യൻ എന്നിവർ ഒഴികെയുള്ള ആശ്രിതർക്കാണ് സമ്മതപത്രം ആവശ്യമായിട്ടുള്ളത്. അപ്രകാരം പരേതനായ സുജിത്ത്.ജെ.ജിയുടെ മാതാപിതാക്കളുടെ സമ്മതം ലഭിച്ചില്ലെങ്കിലും, ടിയാന്റെ വിധവയായ ശ്രീമതി. മീരാ രാജിന് സമാശ്വാസ പദ്ധതി പ്രകാരം നിയമനത്തിന് അർഹതയുണ്ട്. അപേക്ഷക പ്ലസ് ടു പാസ്സായിട്ടുണ്ട്. അപേക്ഷകക്ക് 29 വയസ്സ് പൂർത്തിയായിട്ടുണ്ട്. ജനനത്തീയതി 13.04.1990 ആണ്. ടിയാളുടെ കുടുംബ വാർഷിക വരുമാനം 24000/- രൂപയാണെന്ന് പേട്ട വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2) മേൽ സാഹചര്യത്തിൽ, വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായിരിക്കേ 30.11.2016 ൽ അന്തരിച്ച ശ്രീ. സുജിത്ത്.ജെ ജിയുടെ വിധവയായ ശ്രീമതി. ജി ആർ മീരാ രാജിന് തിരുവനന്തപുരം ജില്ലയിൽ വനം വകുപ്പിൽ 19,000-43,600രൂപ ശമ്പള സ്കെയിലിൽ ക്ലർക്ക് തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. തിരുവനന്തപുരം ജില്ലയിൽ നിലവിൽ ഒഴിവില്ലാത്ത പക്ഷം ഒഴിവുള്ള ജില്ലയിൽ ടിയാളെ നിയമിക്കാവുന്നതും തിരുവനന്തപുരം ജില്ലയിൽ ഒഴിവു വരുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ടിയാൾക്ക് തിരുവനന്തപുരം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകേണ്ടതുമാണ്.

3) അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി നിയമനം നൽകികൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം ഉപമുഖ്യവനപാലകൻ പുറപ്പെടുവിക്കുന്നതാണ്.

4) ഈ നിയമനം സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവന പുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. ഉത്തരവ് പുറപ്പെടുവിച്ച ശേഷം തെറ്റായ വസ്തുതകൾ ആധാരമാക്കിയാണ് ഉത്തരവ് പുറപ്പെടുവിച്ചത് എന്ന് പരിശോധനയിൽ തെളിഞ്ഞാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K.SURESHKUMAR
JOINT SECRETARY

മുഖ്യവനപാലകൻ, തിരുവനന്തപുരം

ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം

ശ്രീമതി മീരാരാജ് ജി ആർ, അനിതാ നിലയം, KNRA217,TC30/727,പേട്ട പി.ഒ.തിരുവനന്തപുരം .695024 (രജിസ്റ്റേർഡ് തപാൽ മടക്ക രസീത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SAJEEVAN M K
Date: 2020.04.30 11:16:09 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-വനംവന്യജീവി(പാർലമെന്റ്) വകുപ്പ്.